നഗരസഭകളിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർ

101 (2934) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. കെ. എം-ന് കീഴിൽ വിവിധ നഗരസഭകളിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ 10 വർഷത്തിന് മുകളിൽ സേവനമനുഷ്ഠിച്ച് വരുന്നവരെ സ്ഥിരപ്പെടുത്താൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ നഗരസഭയാണോ, ഐ.കെ.എം. ആണോ നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) കേരളത്തിലെ നഗരസഭകളിൽ ഇത്തരത്തിൽ എത്ര ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ജോലി ചെയ്യുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മുനിസിപ്പാലിറ്റികളിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഐ.കെ.എം. മുഖേന വേതനം നൽകുന്ന രീതി അവസാനിപ്പിച്ച് മുനിസിപ്പാലിറ്റികൾ ഈ ജീവനക്കാർക്ക് നേരിട്ട് തനത് ഫണ്ടിൽ നിന്നും വേതനം നൽകുന്നതിന് 18-5-2012-ലെ സ.ഉ. (സാധാ.) 1385/2012/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 31-3-2012 വരെയുള്ള വേതനം മാത്രമേ ഐ.കെ.എം.ൽ നിന്നും നൽകിയിട്ടുള്ളൂ. നിലവിൽ നഗരസഭകളിൽ നിന്നുമാണ് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം നൽകി വരുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ

102 (2935) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly